# അദ്ധ്യായം - 7



വിസ്മയാവഹമായ അവതാരം - സായിബാബയുടെ സ്വഭാവം - യോഗസാധനകൾ - സർവ്വവ്യാപിത്വം - കുഷ്ഠരോഗി ഭക്തന്റെ സേവനങ്ങൾ - കപർദ്ദിയുടെ മകന്റെ പ്ലേഗ് - പന്ധർപൂർയാത്ര.

## വിസ്മയാവഹമായ അവതാരം

സായിബാബക്ക് എല്ലാ യോഗസാധനകളും അറിയാമായിരുന്നു. ആറ് സമ്പ്രദായങ്ങളും ബാബക്ക് അറിയാമായിരുന്നു. അതിൽ ധൗതി (22 1/2 അടി നീളം 3 ഇഞ്ച് വീതിയുള്ള തുണി നനച്ച് വിഴുങ്ങി വയർ ശുദ്ധിയാക്കൽ) ഖണ്ഡയോഗം (അവയവങ്ങൾ വേർപെടുത്തി യോജിപ്പിക്കൽ) സമാധി മുതലായവയും ബാബക്ക് നല്ല വശമായിരുന്നു. ബാബ ഹിന്ദുവാണെന്ന് നിങ്ങൾ ധരിച്ചാൽ കാഴ്ചയിൽ ഒരു മുസ്ലീംപോലെ തോന്നും. മുസ്ലീമാണെന്നു ധരിച്ചാൽ കാഴ്ചയിൽ ഒരു ഭക്തനായ ഹിന്ദുപോലെ തോന്നും. യാതൊരാൾക്കും ബാബ ഹിന്ദുവോ മുസ്ലീമോ എന്നറിയില്ല. രാമനവമി ഉത്സവവും ചന്ദന എഴുന്നള്ളിപ്പും ബാബ ഒരുപോലെ പ്രോത്സാഹിപ്പിച്ചു. ഈ ഉത്സവത്തിന് ഗുസ്തിമത്സരം

നടത്തി സമ്മാനങ്ങൾ കൊടുത്തു. ഗോകുലാഷ്ടമിക്കു ഗോപാലകല എന്ന അടിയന്തരം നടത്തും. ഈദ് അവസരത്തിൽ മുസ്ലീംകളെകൊണ്ട് മസ്ജിദിൽ ഖുറാൻ ചൊല്ലിക്കും. ഒരു മുഹറത്തിന് മസ്ജിദിൽ മുസ്ലീംകൾ ഒരു താബൂത് ഉണ്ടാക്കി കുറച്ച് ദിവസം അവിടെവച്ച് എഴുന്നള്ളിപ്പായി കൊണ്ടുപോവാൻ അനുവാദം ചോദിച്ചു. സായിബാബ അനുവദിക്കുകയും താബൂത് നാലുദിവസംവെച്ച് അഞ്ചാംദിവസം എഴുന്നള്ളിച്ചുകൊണ്ടുപോകയും ചെയ്തു. ബാബ മുസ്ലീമാണെന്നു വാദിച്ചാൽ, കാത് കുത്തിയിട്ടുണ്ട്, ഹിന്ദുവാണെന്ന് വാദിച്ചാൽ സുന്നത്ത് കഴിക്കുന്നത് നല്ലതാണെന്ന് ബാബ പറയും (നാനാസാഹേബ് ചന്ദോർക്കർ സൂക്ഷിച്ച് പരിശോധിച്ചതിൽ ബാബ സുന്നത്ത് കഴിച്ചിട്ടില്ല.) ബാബ ഹിന്ദുവാണെന്ന് വാദിച്ചാൽ താമസം എപ്പോഴും പള്ളിയിലാണ്. മുഹമ്മദനെന്ന് വാദിച്ചാൽ എപ്പോഴും കെടാത്ത അഗ്നി സൂക്ഷിക്കുന്നു. മുഹമ്മദ് മതത്തിനു വിരുദ്ധമായി തിരിക്കൽകൊണ്ട് ധാന്യം പൊടിക്കും. മണിയടിച്ച് ശംഖ് വിളിക്കും. അഗ്നിയിൽ ഹോമിക്കും, ഭജന പാടും, അന്നദാനം, ബാബയുടെ പാദത്തിന്ന് അർഘ്യപൂജ, ഇതെല്ലാം അനുവദിച്ചിരുന്നു. മുഹമ്മദനെന്ന് ധരിച്ചാൽ ഉത്തമ ബ്രാഹ്മണരും അഗ്നിഹോത്രികളും അവരുടെ യാഥാസ്ഥിതികത്വം മറന്ന് കാൽക്കൽ വീണ് നമസ്കരിക്കും. ബാബയുടെ സ്വദേശത്തെപ്പറ്റി അന്വേഷിക്കാൻ പോയാൽ ദർശനമാത്രയിൽ തന്നെ നിശ്ശബ്ദനായിപ്പോവും. ഒരാൾക്കും സായിബാബ ഹിന്ദുവോ, മുസ്ലീമോ എന്ന് തീർത്ത് പറയാനാവില്ല. (സായിബാബയുടെ അടുത്ത ഭക്തനായ മഹൽസ്പതി എന്നും ബാബയോടൊപ്പം മസ്ജിദിലും ചാവടിയിലും കിടക്കലുള്ള ആളാണ്. അയാളോട് ഒരിക്കൽ സായിബാബ പത്രിയിലെ ഒരു ബ്രാഹ്മണനാണ് താനെന്നും കുട്ടിക്കാലത്ത് ഒരു ഫക്കീറിന് തന്നെ കൊടുത്തെന്നും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ പത്രിയിൽ നിന്നും ചില ഭക്തന്മാർ അവിടെ വന്നതായും അവ





രോട് ബാബ അവിടുത്തുകാരായ ചിലരെപ്പറ്റി അന്വേഷിച്ചതായും പറഞ്ഞിട്ടുണ്ട്) ഇതിൽ യാതൊരതിശയവുമില്ല. യാതൊരുത്തൻ തന്റെ മുഴുവനും ദൈവത്തിങ്കലർപ്പിച്ച് അഹംഭാവവും ശരീരചിന്തയും ഉപേക്ഷിച്ചിരിക്കുന്നുവോ അവർക്ക് ജാതിയും മതവുമില്ലല്ലോ. സായിബാബ പോലുള്ള ഒരു മഹാത്മാവിന് ജാതിയും, ജാതിയും ഒരു ജീവിയും മറ്റൊരു ജീവിയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ബാബ ഫക്കീർമാരൊന്നിച്ച് മത്സ്യമാംസങ്ങൾ ഭക്ഷിക്കുമായിരുന്നു. അതേ സമയം ഭക്ഷണത്തിൽ നിന്ന് നായ തിന്നാൽപോലും യാതൊരു വിഷമവും കാണിക്കുകയുമില്ലായിരുന്നു. അത്തരത്തിലുള്ള പ്രത്യേകതരം വിസ്മയാവഹമായ ഒരു അവതാരമായിരുന്നു സായിബാബ. എന്റെ പൂർവ്വജന്മസുകൃതത്താൽ ആ പാവനപാദങ്ങൾക്കരികിലിരുന്ന് അവിടുത്തെ സംസ്സർഗ്ഗം ലഭിക്കാൻ എനിക്കു ഭാഗ്യമുണ്ടായി. അവിടുന്ന് കിട്ടിയ ആനന്ദത്തിലും സംതൃപ്തിക്കും അതിരില്ല. സായിബാബ പരിശുദ്ധാനന്ദവും വിജ്ഞാനവുമാണ്. എനിക്ക് ബാബയുടെ മാഹാത്മ്യത്തെയും മഹത്വത്തെയും വേണ്ടപോലെ വിവരിക്കാൻ കഴിയുന്നില്ല. ബാബയുടെ പാദത്തിങ്കൽ ആനന്ദം കണ്ടെത്തുന്നവനെ ബാബ താദാത്മികത്വം വരുത്തുന്നു. മോക്ഷേച്ഛുക്കളായ അനവധി സന്യാസിമാരും സാധകന്മാരും സായിബാബയെ ശരണംപ്രാപിച്ചിരുന്നു. ബാബ അവരുമായി നടക്കുകയും സംസാരിക്കുകയും ചിരിക്കുകയും ചെയ്യുമെങ്കിലും സദാ നാവുകൊണ്ട് അള്ളാ മാലിക് എന്നു പറയുമായിരുന്നു. ബാബ ചർച്ചകളും വാഗ്വാദങ്ങളും ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. ചിലപ്പോൾ കോപിച്ചിരുന്നെങ്കിലും ബാബ എല്ലായ്പ്പോഴും ശാന്തനും സമചിത്തനുമായിരുന്നു. എപ്പോഴും വേദാന്തത്തിന്റെ സന്ദേശം പകർന്നു കൊടുത്ത സായിബാബ ആരായിരുന്നുവെന്ന് അവസാനംവരെ ആർക്കും അറിഞ്ഞുകൂടായിരുന്നു. രാജാക്കന്മാരെയും ദരിദ്രന്മാ

രെയും ബാബ ഒരു പോലെ കണ്ടു. എല്ലാവരുടേയും അന്തർര ഹസ്യം അറിയാവുന്ന ബാബ അതു പറയുമ്പോൾ എല്ലാവരും അത്ഭുതപ്പെട്ടു. എല്ലാ ജ്ഞാനത്തിന്റെയും ഇരിപ്പിടമായിരുന്നു ബാബയെങ്കിലും അജ്ഞാനിയെപ്പോലെ നടിക്കുമായിരുന്നു. ബഹുമതികളെ ബാബ വെറുത്തിരുന്നു. ഇതായിരുന്നു സായി ബാബയുടെ സ്വഭാവം. മനുഷ്യശരീരിയാണെങ്കിലും പ്രവർത്തി കൊണ്ട് ദേവനാണെന്ന് തെളിയിച്ചു. എല്ലാവരും ബാബയെ പര മാത്മാവ് ഷിർദ്ദിയിൽ അധിവസിക്കുന്നതായിക്കരുതിപ്പോന്നു.

## സായിബാബയുടെ സ്വഭാവം

വിഡ്ഢിയായ എനിക്ക് ബാബയുടെ ലീലകൾ വർണ്ണിക്കാ നെങ്ങിനെ കഴിയും ? ഷിർദ്ദിയിലുള്ള എല്ലാ ക്ഷേത്രങ്ങളും ബാബ പുതുക്കി പണിയിച്ചു. താത്ത്യാപാടേൽ മുഖാന്തരം ഗ്രാമത്തി ലുള്ള ശനി, ഗണപതി, ശങ്കർപാർവ്വതി, ഗ്രാമദേവത, മാരുതി എന്നീ ക്ഷേത്രങ്ങൾ നന്നാക്കിച്ചു. ബാബയുടെ ധർമ്മം കൊടു ക്കലും ശ്രദ്ധേയമായിരുന്നു. ദക്ഷിണയായി വാങ്ങുന്ന പണം മുഴു വനും വീതിച്ചുകൊടുക്കലായിരുന്നു. ചിലർക്ക് 20ക.യും ചിലർക്ക് 15 ക.യും ചിലർക്ക് 50ക.യും വീതം ദിവസവും കൊടുക്കുമായി രുന്നു. ആ പണം കിട്ടുന്നവർ ഇത് പരിശുദ്ധധർമ്മമായി കരുതു കയും ബാബ ആ പണം നല്ല കാര്യത്തിന് വിനിയോഗിക്കുവാൻ ആഗ്രഹിക്കുന്നതായി അവരെ അറിയിക്കുകയും ചെയ്യുമായിരു ന്നു.

ബാബാദർശനംകൊണ്ട് ജനങ്ങൾക്കു വളരെ നേട്ടങ്ങളു ണ്ടായി. പലർക്കും ആരോഗ്യം വീണ്ടുകിട്ടി. കുടിലന്മാർ നല്ലവ രായി. കുഷ്ഠരോഗികൾ സുഖം പ്രാപിച്ചു. പലരുടെയും ആഗ്രഹം സാധിച്ചു. നീരോ മരുന്നോ ഒഴിക്കാതെ പല കുരുടർക്കും കാഴ്ച തിരിച്ചുകിട്ടി. നൊണ്ടികൾക്ക് സുഖമായി നടക്കാൻ സാധിച്ചു.

ആ മഹാത്മാവിന്റെ മാഹാത്മ്യം ആർക്കും അളക്കാൻ കഴിഞ്ഞില്ല. ബാബയുടെ ഖ്യാതി വിദൂരദേശങ്ങളിൽപോലും പരന്ന് തീർത്ഥാടകർ നാനാ രാജ്യത്തുനിന്നും വന്നു തുടങ്ങി. ബാബ ധുനിക്കടുത്ത് വിശ്രമിച്ചുകൊണ്ടിരുന്നു. ധ്യാനനിരതനാവുമായിരുന്നു. ചിലപ്പോൾ കുളിക്കും ചിലപ്പോൾ കുളിക്കില്ല.

ബാബ തലയിൽ വൃത്തിയുള്ള ഒരു വെളുത്ത തുണികെട്ടും. ഒരു ദോത്തി ധരിക്കും ഒരു ഷർട്ടും ധരിക്കുമായിരുന്നു. ഇതായിരുന്നു ആദ്യകാലത്തെ വേഷം. ആദ്യം രോഗികളെ പരിശോധിച്ചു മരുന്നു കൊടുക്കുമായിരുന്നു. അങ്ങിനെ പരാജയമറിയാതെ ഒരു വലിയ വൈദ്യനെന്ന ഖ്യാതി പരന്നു. ഒരു പ്രത്യേക സംഭവം പറയാം. ഒരു ഭക്തന്റെ കണ്ണ് ചുവന്ന് വീർത്തിരുന്നു. ഷിർദ്ദിയിൽ ഒരു ഡോക്ടറെയും കാണിക്കാൻ കഴിഞ്ഞില്ല. മറ്റു ഭക്തന്മാർ അയാളെ ബാബയുടെ അടുക്കൽ കൊണ്ടു പോയി. മറ്റു ഡോക്ടർമാർ ഓയിന്റ്മെന്റ്, അഞ്ജനം, മുലപ്പാൽ, കർപ്പൂരം ചേർത്ത മരുന്ന് മുതലായവ ഉപയോഗിക്കാൻ പറയുന്ന സ്ഥാനത്ത് ബാബയുടെ ചികിത്സ പ്രത്യേകതരത്തിലായിരുന്നു. ബാബ ബീബാ കുരു (ചേരിൻ കുരു) പൊടിച്ച് രണ്ടുരുളയുണ്ടാക്കി ഓരോ കണ്ണിലും വെച്ചു കെട്ടി. പിറ്റേന്ന് കെട്ടഴിച്ച് വെള്ളം കൊണ്ട് മുറിയാതെ ധാര ചെയ്തു. എല്ലാ വീർപ്പും ശമിച്ച് കണ്ണ് ചുകപ്പ് നിറം വിട്ടു സുഖപ്പെട്ടിരുന്നു. കണ്ണിന്നു ചേരിൻകുരു യാതൊരു ദോഷവും ചെയ്തില്ല. പല സംഭവങ്ങളിൽ ഒന്നു മാത്രം ഉദാഹരണത്തിന് പറഞ്ഞതാണിത്.

## ബാബയുടെ യോഗസാധനകൾ

ബാബക്ക് എല്ലാ യോഗാസനങ്ങളും അറിയാമായിരുന്നു. രണ്ടു സംഭവങ്ങൾ ഇവിടെ പറയാം.

## 1) ധൗതി അഥവാ ശുദ്ധിയാക്കുന്ന വിധം

ബാബ മസ്ജിദിൽനിന്ന മൂന്നു ദിവസത്തിലൊരിക്കൽ ഒരു അരയാലിന്നടുത്തുള്ള കിണറ്റിൻകരയിൽ പോയി വായ് കഴുകി കുളിക്കുമായിരുന്നു. ഒരിക്കൽ കുടലുകളെല്ലാം ഛർദ്ദിച്ച് അകവും പുറവും കഴുകി വൃത്തിയാക്കി ഒരു ജാംബമരത്തിന്മേൽ ഉണ ക്കാനിട്ടു. ഇത് കണ്ട പലരും ഷിർദ്ദിയിലിപ്പോഴും ഉണ്ട്. അവർ ഇത് നടന്നതാണെന്ന് പറയുകയും ചെയ്യും. സാധാരണ ധൗതി 22 1/2 അടി നീളം 3 ഇഞ്ച് വീതിയിലുള്ള തുണി നനച്ചു വിഴുങ്ങി അര മണിക്കൂർ വയറ്റിൽ നിർത്തി പുറത്തെടുക്കലാണ്. ബാബ യുടെ ധൗതി പ്രത്യേക തരത്തിലുള്ളതാണ്.

## 2) ഖണ്ഡയോഗം

ഈ വിധിയിൽ ബാബ അവയവങ്ങളൊരോന്നും ദേഹ ത്തിൽ നിന്ന് പറിച്ചെടുത്ത് മസ്ജിദിന്റെ ഓരോ ഭാഗത്ത് വെച്ചു. ഒരിക്കൽ ഒരു മാന്യൻ മസ്ജിദിൽ പോയപ്പോൾ ബാബയുടെ അവയവങ്ങൾ ഓരോന്നും ഓരോ ഭാഗത്ത് കിടക്കുന്നതായി കണ്ട് അയാൾ പേടിച്ച് ഗ്രാമത്തിൽ പോയി ബാബയെ ആരോ വെട്ടി നുറുക്കി വധിച്ചു എന്നു വിവരം പറയാനുദ്ദേശിച്ചു. പിന്നീട് അയാൾക്ക് വല്ല കുഴപ്പവും വന്നെങ്കിലോ എന്നു ഭയന്ന് മിണ്ടാ തിരുന്നു. പിറ്റേന്ന് അയാൾ മസ്ജിദിൽ പോയപ്പോൾ ബാബയെ എല്ലാ അവയവങ്ങളോടും കൂടി ആരോഗ്യവാനായി ഇരിക്കുന്നത് കണ്ടു. തലേന്ന് കണ്ടത് ഒരു സ്വപ്നമായിരിക്കുമെന്ന് അയാൾ വിചാരിച്ചുപോയി.

ബാബ കുട്ടിക്കാലം മുതൽക്കെ യോഗാഭ്യാസം നടത്തിയി രുന്നു. ആർക്കും ബാബയിലുള്ള ജ്ഞാനത്തെപ്പറ്റി അറിഞ്ഞു കൂട. ബാബയുടെ ചികിത്സക്ക് യാതൊരു പ്രതിഫലവും വേണ്ടാ യിരുന്നു. അനവധി രോഗബാധിതരായി കഷ്ടപ്പെടുന്നവർക്ക്

ബാബ ആരോഗ്യം വീണ്ടുകൊടുത്തു. ഈ ഡോക്ടർമാരുടെ ഡോക്ടർക്ക് മറ്റുള്ളവരുടെ സുഖത്തിൽ മാത്രമായിരുന്നു ശ്രദ്ധ. അതിൽ ബാബ അസഹ്യമായ പല വേദനകളും യാതനകളും അനുഭവിക്കുകയും ചെയ്തിരുന്നു. ഒരു ഉദാഹരണം താഴെ പറ യാം.അതിൽ സായിബാബയുടെ സർവ്വ വ്യാപിത്വവും കരുണയും വ്യക്തമാകും.

## ബാബയുടെ സർവ്വ വ്യാപിത്വവും കരുണയും

1910-മാണ്ടിൽ ദീപാവലി ദിവസം ബാബയുടെ അഗ്നിയായ ധുനിക്കുമുന്നിൽ ബാബ തീക്കാഞ്ഞുകൊണ്ടിരിക്കുകയായിരു ന്നു. ബാബ ധുനിയിൽ വിറകിട്ട് തീ നന്നായി കത്തിച്ചുകൊണ്ടി രുന്നു. കുറച്ചു കഴിഞ്ഞ് ബാബ വിറകിടുന്നതിന് പകരം സ്വന്തം കയ്യ് തീയിലിട്ട് എന്തോ എടുക്കുന്നപോലെ കാണിച്ചു. കയ്യ് മുഴു വൻ വല്ലാതെ പൊള്ളിക്കഴിഞ്ഞിരുന്നു. ഇത് സേവകൻ മാധവ നും, മാധവറാവ് ദേശ്പാണ്ഡെയും കാണുന്നുണ്ടായിരുന്നു. മാധ വറാവു ബാബയുടെ അരക്കെട്ടിൽ പിടിച്ചു പിന്നോട്ട് ആഞ്ഞുവ ലിച്ച് ദേവാ എന്തിനാണ് ഇത് ചെയ്തത് എന്നു ചോദിച്ചു. ബാബക്ക് പരിസരബോധം വന്ന് ഇങ്ങിനെ പറഞ്ഞു. ദൂരപ്രദേ ശത്ത് ഒരു ഇരുമ്പു പണിക്കാരന്റെ ഭാര്യ ഉലയിൽ തീ എരിക്ക ുന്നുണ്ടായിരുന്നു. അവളെ ഭർത്താവ് വിളിച്ചു. കുട്ടി അവളെ പിടുച്ചു നിൽക്കുന്നത് ഓർക്കാതെ അവർ ഓടിയപ്പോൾ കുട്ടി ഉലയിൽ വീണുപോയി. ഞാൻ ഉടനെ ഉലയിൽ കയ്യിട്ട് കുട്ടിയെ രക്ഷിച്ചു. എന്റെ കയ്യുപൊള്ളിയാൽ പോകട്ടെ. കുട്ടിയെ രക്ഷിച്ച തിൽ ഞാൻ സന്തുഷ്ടനാണ്.

## കുഷ്ഠരോഗി ഭക്തന്റെ സേവനം

മാധവറാവു ദേശ്പാണ്ഡെയിൽനിന്നും ബാബയുടെ കയ്യ് പൊള്ളിയ വിവരം അറിഞ്ഞ് നാനാസാഹെബ് ചന്ദോർക്കർ

ബോംബെയിൽ നിന്നും എല്ലാ മരുന്നുകളുമായി ഡോക്ടർ പരമാനന്ദിനെയും കൂട്ടിവന്ന് ഡോക്ടറെ പരിശോധിക്കാനനുവദിക്കണമെന്ന് ബാബയോടപേക്ഷിച്ചു. ബാബ അത് നിരസിച്ചു. പൊള്ളിയതു മുതൽ ബാബയുടെ കയ്യ് കുഷ്ഠരോഗി ഭക്തനായ ഭാഗോജി ഷിണ്ടെയാണ് കെട്ടിയിരുന്നുത്. ആ ചികിത്സ പൊള്ളിയഭാഗം നെയ്യ് പുരട്ടി തലോടി ഒരു ഇല മേലെ വെച്ചു പട്ടീസ്കൊണ്ട് മുറുക്കിക്കെട്ടലാണ്. ഇത് വേഗം മാറാനായി നാനാ സാഹെബ് ചന്ദോർക്കർ ബാബയോട് പട്ടീസ്സഴിച്ച് ഡോക്ടർപരിശോധിച്ച് ചികിത്സിക്കുവാനായി പലതവണ കെഞ്ചിയപേക്ഷിച്ചു, ബാബ സമ്മതിക്കാതെ അള്ളയാണ് ഡോക്ടർ എന്നു പറഞ്ഞ് ഒരിക്കലും കയ്യ് പരിശോധിക്കുവാൻ അവസരം കൊടുത്തില്ല. ഡോക്ടർ പരമാനന്ദിന്റെ മരുന്ന് ഷിർദ്ദിയിലെ വായുസ്പർശംപോലും, തുറക്കാത്ത കാരണം, ഏറ്റില്ല. പക്ഷെ ഡോക്ടർക്ക് ബാബയെ ദർശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. ഭാഗോജിയുടെ ചികിത്സ ദിവസവും നടന്നു. കുറച്ചു ദിവസത്തിനകം പൊള്ളലുണങ്ങി എല്ലാവരും സന്തുഷ്ടരായി. വല്ലവേദനയും പിന്നെ ഉണ്ടായിരുന്നുവോ എന്നാർക്കും അറിഞ്ഞുകൂട. എല്ലാ രാവിലെയും ഭാഗോജി പട്ടീസ്സഴിച്ചു നെയ്കൂട്ടി തലോടി പട്ടീസ് മുറുക്കിക്കെട്ടൽ തുടർന്നു. ഇത് സായിബാബയുടെ സമാധിവരെ മുടങ്ങാതെ നടന്നു. പരമസിദ്ധനായ സായിബാബക്ക് ഈ ചികിത്സ വേണ്ടിയിരുന്നില്ലെങ്കിലും തന്റെ ഭക്തന്റെ ഉപാസന മുടങ്ങാതെ നടക്കാൻ ഭാഗോജിയുടെ സേവനം അനുകമ്പകൊണ്ടുമാത്രം നിത്യവും സ്വീകരിക്കുകയായിരുന്നു. ബാബ ലെണ്ടി തോട്ടത്തിലേക്ക് പോവുമ്പോൾ ഭാഗോജി ബാബക്ക് കുടപിടിച്ച് കൂടെ പുറപ്പെടുമായിരുന്നു. എല്ലാ രാവിലെയും സായിബാബ ധുനിക്കടുത്ത് തൂണിനടുക്കൽ ഇരിക്കുമ്പോൾ ഭാഗോജി ഹാജരായി സേവനം നടത്തിവന്നു. ഭാഗോജി കഴിഞ്ഞ ജന്മം ഒരു





പാപിയായിരുന്നു. അതു കാരണം കുഷ്ടം പിടിച്ച് വിരൽ മുര ടിച്ച് ദേഹം മുഴുവൻ ചലം നിറഞ്ഞ് നാറുന്നുണ്ടായിരുന്നു. പുറ മെക്ക് നിർഭാഗ്യവാനായി കാണുമെങ്കിലും ആന്തരികമായി അയാൾ ഭാഗ്യവാനും സന്തുഷ്ടനുമായിരുന്നു. കാരണം ഭാഗോജി ബാബയുടെ പ്രധാന സേവകനും ബാബയുടെ സാമീപ്യത്തിന്റെ ഫലം നേടിയ ആളുമായിരുന്നു.

## ഖപർദെയുടെ മകന്റെ പ്ലേഗ്

ബാബയുടെ ലീലയുടെ മറ്റൊരുദാഹരണം പറയാം. അമ രാവതിയിലെ ദാദാസാഹെബ് ഖപർദ്ദെയുടെ ഭാര്യയും മകനും കൂടി ഷിർദ്ദിയിൽ വന്നു കുറച്ചുദിവസം താമസിച്ചു. മകന്ന് പനി വന്ന് അത് പ്ലേഗായി മാറി. അമ്മയ്ക്ക് പേടിയായി. അമരാവ തിക്ക് തിരിച്ചുപോവാമെന്ന് കരുതി ബാബയെക്കാണാൻ പുറ പ്പെട്ടപ്പോൾ ബാബ, വാഡയുടെ അടുത്തേക്ക് വരുന്നുണ്ടായിരു ന്നു. അവർ തന്റെ മകൻ പ്ലേഗ് പിടിപെട്ട് കിടക്കുകയാണെന്ന് ബാബയോട് പറഞ്ഞു. ബാബ പറഞ്ഞു. സാരമില്ല, ആകാശം കാറുനിറഞ്ഞു കാണുമെങ്കിലും ഉടനെ നിർമ്മലമാവും. എല്ലാം ശരിയാവും. ഇതും പറഞ്ഞ് ബാബയുടെ കഫ്നി അരവരെ പൊക്കി അവിടെയുള്ള എല്ലാവർക്കും കാണിച്ചു. അപ്പോൾ ബാബയുടെ ദേഹത്തിൽ കോഴിമുട്ട വലുപ്പത്തിൽ പൂർണ്ണമായി വളർന്ന നാലു പ്ലേഗ് കുരുക്കൾ ഉണ്ടായത് എല്ലാവരും കണ്ടു. നോക്കിൻ എന്റെ ഭക്തന്മാർക്കുവേണ്ടി എനിക്കെന്തെല്ലാം സഹി ക്കണം. അവരുടെ ദുഃഖം എന്റെ ദുഃഖമാണ് എന്നും പറഞ്ഞു. ഇത് കണ്ട്, ഋഷിമാർ ഭക്തന്മാർക്കുവേണ്ടി സഹിക്കുന്ന കഷ്ട പ്പാടിനെപ്പറ്റി കാണികൾക്ക് ബോധ്യം വന്നു. ഋഷിമാരുടെ മനസ്സ് ആർദ്രവും വെണ്ണയേക്കാൾ മൃദുലവുമാണ്. അവർ ലാഭേച്ഛ കൂടാതെ ഭക്തന്മാരെ സ്നേഹിച്ചു അവർ ബന്ധുക്കളാണെന്ന് കരുതുന്നു.





## പന്ഥർപൂർ യാത്രയും താമസവും

സായിബാബ എപ്രകാരം ഭക്തന്മാരെ പ്രേമിച്ചെന്നും അവരുടെ ആഗ്രഹങ്ങളും ചലനങ്ങളും എങ്ങിനെ മുൻകൂട്ടി മനസ്സിലാക്കി എന്നും വിവരിച്ച് ഞാൻ ഈ അദ്ധ്യായം അവസാനിപ്പിക്കാം. ബാബയുടെ വലിയ ഭക്തനായ നാനാസാഹേബ് ചന്ദോർക്കർ ഖണ്ഡേഷിലെ നന്ദർബാറിൽ മാമലത്ദാർ ആയിരുന്നു. അയാൾക്ക് പന്ധർപൂരിലേക്ക് സ്ഥലമാറ്റം കിട്ടി. അദ്ദേഹത്തിന്റെ സായിബാബ ഭക്തി അങ്ങിനെ ഭൂമിയിലെ സ്വർഗ്ഗമായ പന്ധർപൂരിൽ താമസിക്കാൻ സാദ്ധ്യമായതിനാൽ ഫലവത്തായി. ഉടനെ ചാർജ്ജെടുക്കേണ്ടതുള്ളതിനാൽ ഷിർദ്ദിയിൽ ആർക്കും എഴുതാതെ പെട്ടെന്ന് പുറപ്പെട്ടു. അദ്ദേഹത്തിന്ന് തന്റെ പന്ധർപൂരായ ഷിർദ്ദിയിൽ ആരെയും മുൻകൂട്ടി അറിയിക്കാതെ വന്ന് തന്റെ വിറ്റോബയായ ബാബയെ ദർശിക്കണമെന്നും എന്നിട്ട് പന്ധർപൂർക്ക് പോകണമെന്നും ആഗ്രഹമുണ്ടായിരുന്നു ആർക്കും അദ്ദേഹത്തിന്റെ ആഗമന വിവരം അറിയില്ലെങ്കിലും എല്ലാമറിയുന്ന ബാബ അത് മനസ്സിലാക്കിയിരുന്നു. നാനാസാഹേബ് ഷിർദ്ദിയിൽനിന്ന് ഏതാനും നാഴിക അകലെയുള്ള നിമഗാവോണിലിറങ്ങിയപ്പോൾ ഷിർദ്ദിയിൽ മസ്ജിദിൽ ചില ചലനങ്ങളുണ്ടായി. ബാബ മഹൽസാപതിയുമായി സംസാരിച്ചുക്കൊണ്ടിരിക്കയായിരുന്നു. അപ്പാഷിൻഡെ, കാഷിറാം എന്നിവരും ഉണ്ടായിരുന്നു. ബാബ പെട്ടെന്ന് പറഞ്ഞു. നമുക്ക് നാലു പേർക്കും ഭജന പാടാം. പന്ധരിയുടെ നട തുറന്നിരിക്കുന്നു. നമുക്ക് ആനന്ദത്തോടെ പാടാം. അവർപാടി. പാട്ടിന്റെ അർത്ഥം പന്ധർപൂരിൽ പോകണം. എനിക്കവിടെ താമസിക്കണം അതെന്റെ പ്രഭുവിന്റെ ആസ്ഥാനമാണ് എന്നായിരുന്നു.

ബാബ പാടും മറ്റവർ ഏറ്റുപാടും. കുറച്ചുസമയത്തിനു

ള്ളിൽ നാനാസാഹെബ്ബും കുടുംബവും വന്നെത്തി. നമസ്ക്കരിച്ച് ബാബയോട് അവരോടൊപ്പം പന്ധർപൂരിൽവന്ന് താമസിക്കാൻ അപേക്ഷിച്ചു. ഈ ക്ഷണനം ആവശ്യമില്ലായിരുന്നു. കാരണം, കൂടെ പാടിയിരുന്നു ഭക്തന്മാർ പറഞ്ഞു. ബാബ പന്ഥർപൂരിലേക്ക് പോവാൻ താല്പര്യം കാണിച്ചിരിക്കയാണെന്ന്. ഉടനെ നാനാസാഹെബ് മനസ്സലിഞ്ഞ് ബാബയുടെ കാല്ക്കൽ വീണു. പിന്നെ ബാബയുടെ അനുവാദവും ഉധിയും അനുഗ്രഹവും വാങ്ങി നാനാസാഹെബ് പന്ധർപൂർക്ക് യാത്രയായി. ബാബയുടെ കഥകൾക്കവസാനമില്ല. ഞാനിവിടെ തല്ക്കാലം നിർത്തട്ടെ. അടുത്ത അദ്ധ്യായത്തിൽ മറ്റു വിഷയങ്ങൾ പറയാനുണ്ട്. മനുഷ്യജന്മത്തിന്റെ പ്രാധാന്യം, ബാബയുടെ ഭിക്ഷ എടുത്ത് ജീവിതം. ബായാജബായിയുടെ സേവനം മുതലായ കഥകൾ.

ശ്രീ സായിയെ നമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !